**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1438** **19-06-2024 - ൽ മറുപടിയ്ക്ക്**

**ക്ലാസ് മുറികളെ സാങ്കേതിക സൗഹൃദമാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ക്ലാസ് മുറികളെ സാങ്കേതിക സൗഹൃദമാക്കാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | ഭൗതിക സാഹചര്യങ്ങളുടെ വികസനങ്ങൾക്കൊപ്പം പാഠ്യ പദ്ധതി പരിഷ്കരണവും പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | കാലോചിതമായി പാഠ്യപദ്ധ പരിഷ്ക്കരിക്കുന്നതിന് വേണ്ടി സംസ്ഥാ വിദ്യാഭ്യാസ ഗവേഷണ പരിശീല സമിതിയുടെ നേതൃത്വത്തിൽ പാഠ്യപദ്ധ പരിഷ്ക്കരണത്തിനുള്ള മാർഗരേ തയ്യാറാക്കുന്നതിനായി 26 ഫോക്കസ് ഗ്രൂപ്പുക രൂപീകരിച്ചു.<br><br>ഈ ഫോക്കസ് ഗ്രൂപ്പുകൾ പാഠ്യപദ്ധ സംബന്ധിച്ച് ജനകീയ ചർച്ച നടത്തുന്നതിനുള മാർഗരേഖ വികസിപ്പിച്ചു. ഈ മാർഗരേഖ അടിസ്ഥാനപ്പെടുത്തി ജനകീയ ചർച്ച കുട്ടികളുടെ ചർച്ചയും നടത്തി അതിനൊ തന്നെ ഫോക്കസ് ഗ്രൂപ്പുകളുടെ നേതൃത്വത്തി ഗവേഷണാത്മകമായ അന്വേഷണങ്ങ പഠനങ്ങളും നടത്തി. ജനകീയ ചർച്ചയുടെ അന്വേഷണങ്ങളുടെയും അടിസ്ഥാനത്തി ഫോക്കസ് ഗ്രൂപ്പുകൾ അതാത് മേഖലയി നിലപാട് രേഖകൾ തയ്യാറാക്കി.<br><br>ഈ നിലപാട് രേഖകളെ അടിസ്ഥാനപ്പെടുത്ത പാഠ്യപദ്ധതി പരിഷ്ക്കരണത്തിന്റെ ഭാഗമാ ”സ്കൂൾ പ്രീസ്കൂൾ, തുടർ വിദ്യാഭ്യാസ അധ്യാപക വിദ്യാഭ്യാസം എന്നിങ്ങനെ നാ പാഠ്യപദ്ധതി ചട്ടക്കൂട്ടുകൾ രൂപപ്പെടുത്തിയിട്ടുണ സ്കൂൾ പാഠ്യപദ്ധതി ചട്ടക്കൂടി അടിസ്ഥാനമാക്കി പാഠപുസ്തക പരിഷ്ക്കര പ്രവർത്തനങ്ങൾ ആരംഭിച്ച 2024-25 അധ്യയ |

| | | | |
|---|---|---|---|
| | | | വർഷം 1,3,5,7,9 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ചു. പാഠ്യപദ്ധ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് അധ്യാപകരെ സഹായിക്കുന്നതിനുള്ള ടീച്ച ടെക്സ്റ്റുകളുടെ നിർമ്മാണവു പൂർത്തിയായിട്ടുണ്ട്. 2025-26 അധ്യയന വർഷ 2,4,6,8,10 ക്ലാസുകളിലെ പാഠപുസ്തകങ്ങ പരിഷ്കരിക്കുന്നതാണ്. ഹയർ സെക്കൻഡറ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനുള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. പ്രീ പ്രൈമ പാഠ്യപദ്ധതി നവീകരിക്കാനുള പ്രവർത്തനങ്ങളും എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. 2025-2 അധ്യയന വർഷം മുതൽ പരിഷ്കരണത്തിന്റെ ഭാഗമായുള്ള പഠന സാമഗ്രികൾ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.<br><br>പാഠ്യപദ്ധതി നടത്തിപ്പിൽ രക്ഷകർത്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് രക്ഷകർത്ത വിദ്യാഭ്യാസത്തിനുള്ള നാല് കൈപ്പുസ്തകങ്ങള എസ്. സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.<br><br>സാങ്കേതികവിദ്യാ പാഠ്യപദ്ധ പരിഷ്കരണത്തിന്റെ ഭാഗമായി കൈറ്റിന്റെ നേതൃത്വത്തിൽ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലെ ഐ.സി.ടി പാഠ്യപുസ്തകങ്ങ പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങ ആരംഭിക്കുകയും 1, 3, 5, 7 ക്ലാസുകളിലെ ഐ.സി.ടി പാഠപുസ്തകങ്ങൾ തയ്യാറാക്ക എസ്.സി.ഇ.ആർ.ടി.യ്ക്ക് ലഭ്യമാക്കുകയു ചെയ്തിട്ടുണ്ട്. മറ്റ് ക്ലാസുകളിലെ പാഠപുസ്തകങ്ങ ഈ വർഷം തയ്യാറാക്കുന്നതാണ അതോടൊപ്പം ഹൈടെക് ക്ലാസ് മുറികളിൽ ഉപയോഗത്തിന് ' സമഗ്ര പ്ലസ് ' ഡിജിറ്റ വിഭവ പോർട്ടലും തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | നിർമ്മിത ബുദ്ധിയിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ എല്ലാ അധ്യാപകർക്കും ഘട്ടം ഘട്ടമായി നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള പ്രത്യേക പരിശീലനം കൈറ്റിന്റെ നേതൃത്വത്തിൽ നൽകുന്നതിന് തീരുമാ നിക്കുകയും ആദ്യഘട്ടമായി സെക്കന്ററി, ഹയർ സെക്കന്ററി മേഖലയിലെ 20,469 അധ്യാപകർക്ക് 4 ദിവസത്തെ പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 2024 ഡിസംബറിന് മുമ്പ് അധ്യാപക പരിശീലനം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ